**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണം വകുപ്പ് - ജീവനക്കാര്യം- അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും വർദ്ധിപ്പിച്ച വേതനം - 50% തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടിൽ നിന്നും നൽകുന്നതിന്-അനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

**സ.ഉ.(സാധാ).നം. 2683/2016/തസ്വഭവ. തീയതി, തിരുവനന്തപുരം, 09.09.2016**

പരാമർശം.: (1) വികേന്ദ്രീകൃത സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 10.02.2015-ലെ 2.3 നമ്പർ തീരുമാനം.

(2) സ.ഉ(സാധാ) നം. 636/2016/തസ്വഭവ, തീയതി 16.02.2016.

(3) സ.ഉ(സാധാ) നം. 21/2016/സാനീവ, തീയതി 25.02.2016.

(4) സ.ഉ(സാധാ) നം. 409/2016/സാനീവ, തീയതി 30.08.2016.

**ഉത്തരവ്**

പരാമർശം (1)-ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (2)-ലെ സർക്കാർ ഉത്തരവ് പ്രകാരം അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും വേതനം യഥാക്രമം 10,000/- രൂപയും 7,000/- രൂപയുമായി വർദ്ധിപ്പിക്കുന്നതിന് വർദ്ധിപ്പിച്ച തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനതു ഫണ്ടിൽ നിന്നോ തനത് ഫണ്ട് ലഭ്യമല്ല എന്ന് ബന്ധപ്പെട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരും ജില്ലാ പ്ലാനിംഗ് ഓഫീസറും സാക്ഷ്യപ്പെടുത്തുന്ന പക്ഷം വികസന ഫണ്ടിൽ നിന്നോ നൽകുന്നതിന് അനുമതി നൽകിയിരുന്നു. മേൽ അനുമതിയ്ക്കനുസൃതമായി പരാമർശം (3) പ്രകാരം ഓണറേറിയം യഥാക്രമം 10,000/- രൂപയും 7,000/- രൂപയുമായി വർദ്ധിപ്പിച്ചിരുന്നു. മേൽ ഉത്തരവുകൾ പ്രകാരം വർദ്ധിപ്പിച്ച തുക വകയിരുത്തുന്നത് പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ബാധ്യതയുണ്ടാക്കുമെന്നും, വികസന പ്രവർത്തനങ്ങളെ ബാധിക്കുമെന്നും ആയതിനാൽ ബാധ്യത സർക്കാർ വഹിക്കണമെന്നും ആവശ്യം ഉയർന്നതിനെ തുടർന്ന് വർദ്ധിപ്പിച്ച ഓണറേറിയത്തിന്റെ 50% തുക സർക്കാരും 50% തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വഹിക്കുമെന്ന് 2016-17 സാമ്പത്തിക വർഷത്തെ ബജറ്റിൽ പ്രഖ്യാപിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ വർദ്ധിപ്പിച്ച തുകയുടെ 50% സർക്കാർ വിഹിതം നടപ്പുവർഷത്തെ 2235-02-102-55(NP) എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിന് പരാമർശം (4) പ്രകാരം ഉത്തരവായിട്ടുണ്ട്.

(മറുപുറം...)

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (4) ഉത്തരവിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിൽ വർദ്ധിപ്പിച്ച ഓണറേറിയത്തിന്റെ 50% തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനതു ഫണ്ടിൽ നിന്നോ തനത് ഫണ്ട് ലഭ്യമല്ല എന്ന് ബന്ധപ്പെട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരും ജില്ലാ പ്ലാനിംഗ് ഓഫീസറും സാക്ഷ്യപ്പെടുത്തുന്ന പക്ഷം വികസന ഫണ്ടിൽ നിന്നോ നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**രമേശൻ എം. കെ**
**ഗവ. ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ളാനിംഗ് ബോർഡ്,തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമെൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ,
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള,തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എൽ ബി എ& എ) കേരള.
ധനകാര്യ വകുപ്പ്
സാമൂഹ്യ നീതി വകുപ്പ്
തദ്ദേശ സ്വയംഭരണ(ഡി.എ) വകുപ്പ്.
ഡയറക്ടർ, ഐ. കെ. എം.(സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ